# പ്രകാശം പരത്തുന്ന അധ്യാപിക

ആനക്കയത്തുനിന്നും തൊടുപുഴക്കുള്ള KSRTC ബസ്സിൽ കുറേ നാളുകൾക്കുശേഷം തരപ്പെട്ട ബസ്സുയാത്ര അസ്വദിച്ചങ്ങനെ ഇരിക്കുവായിരുന്നു ഞാൻ. ഓരോ സ്റ്റോപ്പു കഴിയുന്തോറും ബസ്സിൽ തിരക്ക് കൂടിക്കൂടി വന്നു. എന്നൊക്കെ KSRTC - ൽ കേറിയാലും നല്ലതിരക്കാണ്. പിന്നെങ്ങനാണാവോ ഇത് നഷ്ടത്തിലാണെന്ന് സർക്കാർ പറയണതെന്ന് ഓർത്തിരിക്കുമ്പോഴാണ് ഒരമ്മയും മകനും ബസ്സിൽ കയറിയത്. അമ്മ ചുരിദാറിട്ട ഒരു ചെറുപ്പക്കാരി. മോൻ ഏതോ സ്കൂൾ യൂണിഫോമിലാണ്, തോളത്തൊരു സ്കൂൾ ബാഗുമുണ്ട്. കൈയ്യിൽ ഒരു കഥപുസ്തകം, ബാലരമയാണെന്നു തോന്നുന്നു. ബസ്സിലപ്പോൾ ഞാനിരുന്ന സീറ്റിൽ മാത്രമാണ് സ്ഥലമുണ്ടായിരുന്നത്. കേറിയപ്പോത്തന്നെ അവനത് കണ്ടെത്തുകയും ഒറ്റ ഓട്ടത്തിന് വന്ന് എന്റെയടുത്ത് ഇരിക്കുകയും ചെയ്തു. കേറിയ ഉടനെ ബസ്സ് മുന്നോട്ടെടുത്തകാരണം അവന്റെയമ്മയ്ക്ക് പുറകെ എത്താൻ പറ്റീല്ല.

ഇരുന്നയുടനെ അവൻ പുറകോട്ട് നോക്കീട്ട് ഉറക്കെവിളിച്ചുപറഞ്ഞു

“അമ്മീ ഇങ്ങോട്ട് പോരെ ഇവിടെ സീറ്റൊണ്ട്”

ഉച്ചത്തിലുള്ള അവന്റെയീവിളികേട്ട് ബസ്സിലുണ്ടായിരുന്നവരൊക്കെ അവരെ നോക്കി.

‘‘പതുക്കെ വിളിക്കട ചെക്കാ, ഇതു നിന്റെ വീടല്ലന്ന് പറഞ്ഞ് അവരും വന്ന് സീറ്റിലിരുന്നു.

അവനാണേൽ അതൊന്നും ശ്രദ്ധിക്കാതെ കൈയിലിരുന്ന പുസ്തകം നിവർത്തി വായിക്കാൻ തുടങ്ങി.

ബസ്സങ്ങനെ കുലുങ്ങികുലുങ്ങി പോകുന്നതുകൊണ്ടാവണം വായിക്കാനുള്ള ശ്രമം പെട്ടെന്നു തന്നെ അവനുപേക്ഷിച്ചു എന്നിട്ടെന്നോട് ചോദിച്ചു

“ചേട്ടാ ഞാനപ്പുറത്തിനുന്നോട്ടേ?”

പുറം കാഴ്ചകൾ കണ്ടു കൊണ്ടുള്ള യാത്ര ഞാനാസ്വദിച്ചിരുന്നെങ്കിലും അവന്റെ ചോദ്യം കേട്ടപ്പോൾ ഞാനങ്ങ് മാറിക്കൊടുത്തു.

പക്ഷേ പ്രതിസന്ധിയിലായത് അവന്റെ അമ്മയായിരുന്നു. ഇപ്പോ സീറ്റിന്റെ ഒരരുകിൽ അവനും മറ്റേ അരുകിൽ അവന്റെ അമ്മയും നടുക്ക് ഞാനും. ആ നാട്ടുമ്പുറത്തുകാരീടെ പരിഭ്രമം പെട്ടന്നുതന്നെ എനിക്ക് മനസ്സിലായെങ്കിലും ഉള്ള സീറ്റ് കളയാൻ മനസ്സില്ലാത്തോണ്ട് ഞാനവിടെതന്നെയിരുന്നു. അടുത്ത സീറ്റിലിരുന്ന ചേട്ടനിറങ്ങിയപ്പോൾ ഞാനങ്ങോട്ട് മാറിയിരിക്കുകയും ചെയ്തു.

അവർ മോന്റെ അടുത്തേക്ക് ചേർന്നിരുന്നപ്പോൾ അവൻ ചോദിച്ചു.

“അമ്മയാചേട്ടനെ എണീപ്പിച്ചു വിട്ടൂലെ?” പോകണ്ണാന്ന് പറഞ്ഞ് അവരവന്റെ തോളത്ത് പതിയെ അടിച്ചു.

കുറച്ചു നേരത്തിനുശേഷം അവനമ്മയെ വിളിക്കുന്നത് കേട്ടാണ് ഞാൻ പിന്നെയും അവരെ ശ്രദ്ധിച്ചത്

"അമ്മീ അമ്മീ..."

എന്തോ ആലോചനയിലായിരുന്ന അവർ അതുംകേട്ടില്ലന്നു തോന്നുന്നു.

അപ്പോ അവൻ അൽപം കൂടി ഊന്നി എന്നാൽ ഒരു രഹസ്യം പറയണപോലെ പിന്നേയും വിളിച്ചു.

"അമ്മീ..."

ഇത്തവണ അവരുതുകേട്ടു എന്നിട്ടു ചോദിച്ചു

"എന്നാടാ?"

അമ്മീ ഞാനൊരു കാര്യം പറയട്ടേ?

ഒരു ചെറിയ മടിയോടെ ഒരു പ്രത്യേക ഭാവത്തിൽ അവൻ ചോദിച്ചു

"എന്തുകാര്യം?"

"അമ്മീ അതു ചെയ്തുതരുവോന്ന് പറ എന്നാ ഞാൻ പറയാം"

"നീ കാര്യം പറ കണ്ണാ,"അവർ പറഞ്ഞു.

"അമ്മീ അതൊണ്ടല്ലോ നമ്മുടെ വീടിനു പുറകില് നിക്കണ മാവേലെ മാങ്ങയില്ലെ?"

"ആ ഉണ്ട്!" എന്താ നിനക്കിപ്പോ മാങ്ങവേണോ? അവർ ചോദിച്ചു.

"അതല്ലമ്മേ; നമുക്ക് അച്ഛനോട് പറയാവേ ആ മാങ്ങയൊന്നും നമുക്ക് പറിക്കണ്ടാന്ന്"

"ങേ അതെന്താ അങ്ങനെ"? അവർക്കാകാര്യം മനസ്സിലായില്ല.

അതു ശ്രദ്ധിക്കാതെ അവൻ പറഞ്ഞു "മാങ്ങമാത്രമല്ലമ്മേ ആ പേരമ്മേലെ പേരക്കേയും ചാമ്പങ്ങേമൊന്നും നമ്മക്ക് പറിക്കണ്ടാട്ടോ"

"ഹേ അതെന്താ അതൊന്നും പറിക്കണ്ടാത്തേ? അപ്പോ നമുക്കൊന്നും വേണ്ടേ?"

"അല്ല, നമ്മളെടുത്തില്ലെ അതൊക്കെ വെറുതെ ചാടിപ്പോവൂലെ?"

"ഇല്ലമ്മീ, അതൊന്നും ചാടിപ്പോവൂല അതൊക്കെ തിന്നാനെ പക്ഷികളും അണ്ണാറക്കണ്ണൻമാരുമൊക്കെയുണ്ട് എന്റെ ടീച്ചർ ഇന്നു ക്ലാസ്സില് പറഞ്ഞൂലോ നമ്മളതൊക്കെ മുഴുവനെടുത്താൽ പക്ഷികളും അണ്ണാറക്കണ്ണൻമാരുമൊക്കെ തിന്നാനൊന്നൂല്ലാതെ ചത്തുപോവൂന്ന്?

"പാവങ്ങളല്ലേ അമ്മീ നമുക്കച്ഛനോട് പറയാട്ടോ നമുക്ക് കഴിക്കാൻ ചോറൊക്കെയില്ലെ അമ്മീ അച്ഛനെപ്പറഞ്ഞ് സമ്മതിപ്പിക്കണൂട്ടോ"

ഇത് പറഞ്ഞ് അവൻ പ്രതീക്ഷയോടെ അമ്മയുടെ മുഖത്തേക്ക് നോക്കി

അമ്മയപ്പോ ചിരിച്ചോണ്ട് അവന്റെ രണ്ട് കവിളത്തും പിടിച്ചു എന്നിട്ട് ചോദിച്ചു

“ആഹാ ഇതാരുന്നോ കാര്യം അമ്മ ഉറപ്പായിട്ടും അച്ഛനോടു പറയാട്ടോ”

“പ്രോമിസ്” അവൻ ചോദിച്ചു

“ഉം പ്രോമിസ്”

“ഗോഡ് പ്രോമിസ്” വലത്തെക്കൈ അമ്മയുടെനേരെ നീട്ടിക്കൊണ്ടവൻ ചോദിച്ചു

ആടാ കണ്ണ ഗോഡ് പ്രോമിസ് ആ കുഞ്ഞിന്റെ കൈയ്യിൽ ഒരുമ്മ കൊടുത്തുകൊണ്ട വർ പറഞ്ഞു

ഒരു സ്വർഗ്ഗം കിട്ടിയ സന്തോഷത്തോടെ അവനമ്മയോട് ചേർന്നിരുന്നു.

ആ അമ്മക്ക് സന്തോഷമായിട്ടുണ്ടാകും തീർച്ചയാണ് എനിക്കും വല്ലത്ത സന്തോഷം തോന്നി. അതുപക്ഷേ ആ കുഞ്ഞിന്റെ നന്മയോർത്തായിരുന്നില്ല. കുഞ്ഞുങ്ങളെ ല്ലാരും നന്മയുള്ളവരാണ് നമുക്കത് കണ്ടെത്താൻ എപ്പോഴും പറ്റാറില്ലന്നേയുള്ളൂ.

ഞാനോർത്തത് അവന്റെ യാ ടീച്ചറിനെയായിരുന്നു. എന്തോ ഒരു വല്ലാത്ത ബഹു മാനം തോന്നി എനിക്കവരോട്. മുന്നിൽ വരുന്ന കുട്ടികൾക്കുള്ളിലേക്ക് അറിവു കൾകുത്തി നിറക്കുന്നതിനിടയിൽ നന്മയുടെ വിത്തുകൾ വിതക്കാൻ മറന്നുപോകാ റുണ്ട് ഇക്കാലത്തിലെ അധ്യാപകർ എന്നെനിക്ക് തോന്നാറുണ്ട്. അവിടാണ് സ്നേഹ ത്തിന്റേയും കരുതലിന്റേയും പാഠം മനോഹഹരമായി പകർന്നയാടീച്ചർ

അടുത്ത സ്റ്റോപ്പിൽ ഇറങ്ങാനായി അവരെഴുന്നേറ്റപ്പോൾ ഞാൻ ചേദിച്ചു

“എന്താ മോന്റെ പേര്?” എവിടാ പഠിക്കുന്നേ?

പേര് അപ്പു മാതൃഭവൻ യു.പി. സ്കൂൾ തലയനാട്ടിൽ 4–ാം ക്ലാസ്സിൽ പഠിക്കുന്നു അവൻ ഒറ്റശ്വാസത്തിൽപ്പറഞ്ഞു.

“ഇങ്ങനെ പറയാനും ടീച്ചർ പഠിപ്പിച്ചതാണോ?” “അതേലോ” കഥപുസ്തകം ഒന്നൂടെ മുറുകെപ്പിടിച്ച് അവൻ പറഞ്ഞു എന്നിട്ട് പതുക്കെ വാതിൽക്കലേക്ക് നടന്നു.

“മോൻ മിടുക്കനാട്ടോ, മോന്റെ ടീച്ചറും...” പുറകെ നടന്ന അമ്മയോടായ് ഞാൻ പറഞ്ഞു. അവരും എനിക്കൊരു ചിരി സമ്മാനിച്ച് വാതിൽക്കലേക്ക് നടന്നുപോയി

അവരിറങ്ങിപ്പോയിട്ടും നന്മയുടെ പ്രകാശം പരത്തുന്ന യാ അപരിചതയായ ടീച്ചർ എന്റെ മനസ്സിൽ നിന്നും പോയതേയില്ല ഒരധ്യാപകനായതുകൊണ്ടാവാം അഭിമാനത്തിന്റെ ഒരു ചിരി എന്റെ മുഖത്തുണ്ടായത് അത് കണ്ടിട്ട് അടുത്തിരുന്ന യാൾ ചോദിച്ചു.

“എന്താ ചേട്ടാ തനിയെയിരുന്ന ചിരിക്കണേ?”

“ഏയ് ഒന്നൂല്ലാന്നേ” “തൊടുപുഴ എത്താറായോ?” ഞാൻ ചോദിച്ചു.

“ആ ഇപ്പോ എത്തും ഒരഞ്ചുമിനിറ്റ്.” അയാൾപറഞ്ഞു.

ബസ്സ് കുലുങ്ങിക്കുലുങ്ങി മുന്നോട്ട് ഓടിക്കൊണ്ടേയിരുന്നു.